**കേരള സർക്കാർ**

സംഗ്രഹം

പൊതുമരാമത്ത് വകുപ്പ് - നിരത്തു വിഭാഗം - പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ളതും ഉടമസ്ഥാവകാശതർക്കം നിലനിൽക്കുന്നതും പൊതു പ്രാധാന്യമുള്ളതുമായ സംസ്ഥാനത്തെ 7385 കി.മീ. റോഡുകൾ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ഡിസ്ട്രിക്ട് റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

**ജി.ഒ.(എം.എസ്)നം. 52/2009/പൊമവ തിരുവനന്തപുരം, തീയതി 14-8-2009.**

---

പരാമർശം:
1. പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ 16-10-2004-ലെ സിഇ/ആർ & ബി/എച്ച്. ഡി.3/ എം.ഡി.ആർ നമ്പർ കത്ത്.
2. സ.ഉ (സാധാ) നമ്പർ 1172/2004/പൊ.മ.വ തീയതി 23-11-2004.
3. സ.ഉ (സാധാ) നമ്പർ 231/2005/പൊ.മ.വ തീയതി 1-3-2005.
4. സ.ഉ (സാധാ) നമ്പർ 794/2005/പൊ.മ.വ തീയതി 23-8-2005.
5. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 29-6-07, 30-7-07, 9-6-08, 12-1-2009 എന്നീ തീയതികളിലെ സിഇ/ആർ & ബി/ ജി. എൽ/എം.ഡി.ആർ നമ്പർ കത്തുകൾ
6. 3-3-2009, 16-6-2009 എന്നീ തീയതികളിലെ ബഹു. പൊതു മരാമത്ത് വകുപ്പ് മന്ത്രിയുടെ യോഗനടപടിക്കുറിപ്പുകൾ

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് വിവിധ ഘട്ടങ്ങളിലായി പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതും എന്നാൽ പിന്നീട് ആരുടേയും ചുമതലയിൽ വരാത്തതുമായ വിവിധ റോഡുകളും, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഏറ്റെടുക്കുന്നതിന് പരിഗണിച്ചതും നടപടി ക്രമങ്ങൾ പൂർത്തീകരിക്കാതിരുന്നതുമായ ഗ്രാമീണ റോഡുകളും ഉൾപ്പെടെ വിവിധ ഇനങ്ങളിലായി 13011 കിലോമീറ്റർ റോഡുകളും ഇതോടൊപ്പം എം.പിമാർ എം.എൽ.എമാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വിവിധ തലങ്ങളിൽ നിന്നും 12000-ഓളം കിലോമീറ്റർ റോഡുകളും ഏറ്റെടുക്കണമെന്നതു സംബന്ധിച്ചുള്ള നിവേദനങ്ങളും പൊതുമരാമത്ത് വകുപ്പിൽ നിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച് സർക്കാരിന് ലഭിയ്ക്കുകയുണ്ടായി. യാത്രാ സൗകര്യവുമായി ബന്ധപ്പെട്ടുള്ള ജനകീയ ആവശ്യം കണക്കിലെടുത്ത് *പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ ഫിസിക്കൽ വെരിഫിക്കേഷനിൽ പൊതുപ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ* ഉടമസ്ഥാവകാശം *സംബന്ധിച്ച്* തർക്കം നിലനിൽക്കുന്ന 7385 കിലോമീറ്റർ നീളം വരുന്ന റോഡുകൾ കണ്ടെത്തുകയുണ്ടായി.

2. പൊതുമരാമത്ത് വകുപ്പിന്റെ കൈവശം അല്ലാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനം നടത്താൻ കഴിയാതെ വന്നതുമായ പൊതു പ്രാധാന്യമുള്ള നൂറുകണക്കിനു റോഡുകൾ സഞ്ചാര യോഗ്യമല്ലാത്ത ദുരവസ്ഥ മൂലം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഇത്തരം റോഡുകളുടെ

ചുമതല സംബന്ധിച്ച് വ്യക്തതയോടെ തീരുമാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി, *ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്ന റോഡുകൾ സംബന്ധിച്ചും* പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തേണ്ട റോഡുകളുടേയും ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കേണ്ട റോഡുകളുടേയും കാര്യത്തിൽ ജില്ലാടിസ്ഥാനത്തിൽ വീണ്ടും പരിശോധന നടത്തി വേർതിരിച്ചുള്ള ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് തീരുമാനിച്ചു.

3. റോഡുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കാലങ്ങളായി നിലനിൽക്കുന്ന തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനും ഇക്കാര്യത്തിലുള്ള അവ്യക്തത പരിഹരിക്കാനും പൊതുമരാമത്ത് വകുപ്പിനും ജില്ലാ പഞ്ചായത്ത് സമിതികൾക്കും അവരവരുടെ കീഴിൽ വരുന്ന റോഡുകളിൽ ഫണ്ട് മാറ്റിവച്ച് പ്രവൃത്തി നടപ്പാക്കാനുമുള്ള തീരുമാനം ഉണ്ടാകേണ്ടതുണ്ട്.

4. ഈ വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ വെളിച്ചത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ളതും ഉടമസ്ഥാവകാശ തർക്കം നിലനിൽക്കുന്നതും പൊതു പ്രാധാന്യമുള്ളതുമായ അനുബന്ധമായി ചേർത്തിട്ടുള്ള സംസ്ഥാനത്തെ 7385 കി.മീ. റോഡുകൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതിയോടെ പൊതുമരാമത്ത് വകുപ്പിൽ നിലനിർത്തി മേജർ ഡിസ്ട്രിക്ട് റോഡുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
ടോം ജോസ്,
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)
തിരുവനന്തപുരം
സൂപ്രണ്ടിംഗ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗം
(സൗത്ത്/സെൻട്രൽ/നോർത്ത്) സോൺ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്)കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്സ്.സി)വകുപ്പ്(12-8-2009-ലെ 3585 നമ്പർ ഇനം പ്രകാരം)
ധനകാര്യ വകുപ്പ്,
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
തദ്ദേശ സ്വയംഭരണ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ